# പതിമൂന്നാം കേരള നിയമസഭ

**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 96** **29/09/2011-ൽ മറുപടിക്ക്**

## അദ്ധ്യാപക ശാക്തീകരണത്തിനായി ഹെൽപ്പ് ഡെസ്ക് ഓൺലൈൻ പരിശീലനം

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ് :<br>" വർക്കല കഹാർ :<br>" ബെന്നി ബെഹനാൻ:<br>" എം. എ. വാഹീദ് : | | | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) | അദ്ധ്യാപക ശാക്തീകരണത്തിനായി ഹെൽപ്പ് ഡെക്സ് ഓൺലൈൻ പരിശീലനം ആരംഭിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ; | എ) | പെൺകുട്ടികളുടെ വിദ്യാഭ്യാസം എന്ന എസ്.എസ്.എ. ഇടപെടൽ മേഖലയുമായി ബന്ധപ്പെട്ട് അദ്ധ്യാപക ശാക്തീകരണത്തിനായി ഓൺലൈൻ പരിശീലനം ആരംഭിച്ചിരുന്നു. |
| ബി) | പ്രസ്തുത പരിശീലനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | (ബി) | പെൺകുട്ടികളുടെ സമഗ്ര ശാക്തീകരണത്തിനായി വിവര സാങ്കേതിക വിദ്യയുടെ സാധ്യത പ്രയോജനപ്പെടുത്തി കേരളത്തിലെ അഞ്ചു മുതൽ എട്ടുവരെ ക്ലാസ്സുകളിലെ അദ്ധ്യാപകർക്ക് ഒരേ സമയം ഓൺ ലൈനായി പരിശീലനം നൽകുക, സംസ്ഥാനത്ത് ലഭ്യമായതിൽ വച്ച് ഏറ്റവും വിദഗ്ധരായവരെ ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള പരിശീലനം നടത്തുക, കേന്ദ്രീകൃത പരിശീലനത്തിനായി അദ്ധ്യാപകർ വിദ്യാലയത്തിൽ നിന്നും വിട്ടുനിൽക്കുന്ന സാഹചര്യം ഒഴിവാക്കുക തുടങ്ങിയവയാണ് ലക്ഷ്യമാക്കിയിട്ടുള്ളത്. |
| സി) | സംസ്ഥാനത്തെ എത്ര സ്കൂളുകളിൽ പ്രസ്തുത പദ്ധതി നടപ്പാക്കിയിട്ടുണ്ട്; | സി) | സംസ്ഥാനത്തെ 6020 വിദ്യാലയങ്ങളിലെ 5,6,7,8 ക്ലാസ്സുകളിലെ മുഴുവൻ അദ്ധ്യാപകരേയും ലക്ഷ്യമിട്ടാണ് പരിശീലനം സംഘടിപ്പിച്ചത്. പ്രവർത്തനക്ഷമമായ ടി.വി. ഇല്ലായ്മ, വിക്ടേഴ്സ് കണക്ടിവിറ്റി ഇല്ലായ്മ തുടങ്ങിയ സാങ്കേതിക കാരണങ്ങളാൽ ചില വിദ്യാലയങ്ങളിലെ അദ്ധ്യാപകർക്ക് പ്രസ്തുത പരിശീലനത്തിൽ പങ്കെടുക്കാൻ കഴിഞ്ഞിട്ടില്ല. |
| ഡി). | ടെലിഫോൺ, ഇ-മെയിൽ എന്നിവയിലൂടെ സംശയങ്ങൾ ദൂരീകരിക്കുവാൻ അവസരം ഒരുക്കുമോ? | ഡി) | ടെലിഫോൺ, ഇ-മെയിൽ എന്നിവയിലൂടെ സംശയങ്ങൾ ദൂരീകരിക്കുന്നതിന് അവസരം ഒരുക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ